**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5967** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിദ്യാർത്ഥികൾക്ക് പഠന സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി 04.10.2017-ലെ G.O.(MS)81/17/SCSTDD ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം പരമാവധി 25,00,000/- രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ മുഖേന സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | (ബി) | വിദേശപഠന ധനസഹായത്തിനായി അപേക്ഷിക്കുന്നവർ കേരളത്തിൽ താമസക്കാരായ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരായിരിക്കണം. അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് കഴിയുവാൻ പാടില്ല. TIMES-ന്റെ ലോക റാങ്കിങ്ങിൽ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പി.ജി. പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ യോഗ്യത പരീക്ഷയിൽ 55%-ൽ കുറയാത്ത മാർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ യോഗ്യത പരീക്ഷയിൽ 50%ൽ കുറയാത്ത മാർക്കും നേടിയിരിക്കണം. ഇംഗ്ലീഷ് പരിജ്ഞാനം കാണിക്കുന്നതിനുള്ള IELTS/GRE/TOFEL എന്നിവയിൽ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണം. വിദേശത്ത് അഡ്മിഷൻ ആകാൻ പോകുന്ന കോഴ്സിനുള്ള Unconditional ഓഫർ ലെറ്റർ ലഭിച്ചിരിക്കണം. |

സെക്ഷൻ ഓഫീസർ